THE FIRST INTERNATIONAL INDIAN NEWSPAPER
മാധ്യമം
July 8, 2016

# ട്രോളിങ് നിരോധം കൊണ്ട് പൂർണഫലമുണ്ടാകുന്നില്ല –മന്ത്രി

● കാലാനുസൃത മാറ്റം ആവശ്യമാണെന്ന് ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ

**കൊച്ചി:** ട്രോളിങ് നിരോധത്തിൽ കാലാനുസൃത മാറ്റം ആവശ്യമാണെന്ന് ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ. ഇപ്പോഴത്തെ നിരോധംകൊണ്ട് ഫലം പൂർണമായി കിട്ടുന്നില്ല. കൊച്ചിയിൽ മത്സ്യ ഗവേഷണ സ്ഥാപനങ്ങളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ട്രോൾ നിരോധം സംബന്ധിച്ച 2013ലെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഹാര നടപടികളിലേക്കു കടക്കാൻ സർക്കാർ സന്നദ്ധമാണ്. ഇതിന് ചില നിയമഭേദഗതികൾ വേണ്ടിവരും. മത്സ്യക്കുഞ്ഞുങ്ങൾക്ക് ഹാനികരമല്ലാത്ത മത്സ്യബന്ധനരീതികൾ തൊഴിലാളികളും സ്വീകരിക്കണം. ഇതിനായി ബോധവത്കരണവും നിയമപരിരക്ഷയും നൽകാൻ നടപടി സ്വീകരിക്കും.

ഈ രംഗത്തുണ്ടാകേണ്ട നിയന്ത്രണ മാനദണ്ഡങ്ങൾ, മത്സ്യബന്ധന പ്രദേശം, വലക്കണ്ണിയുടെ വലുപ്പം, സാങ്കേതിക സഹായം എന്നിവയെക്കുറിച്ചെല്ലാം വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകണം. കേരള സമുദ്രതീരത്ത് 58 ഇനം മത്സ്യങ്ങൾ ലഭിക്കുന്നുണ്ട്. ഇതിൽ 14 ഇനം മാത്രം പിടിക്കരുതെന്നാണ് വ്യവസ്ഥ. ബാക്കിയുള്ളതിന്റെ കുഞ്ഞുങ്ങളെ വരെ പിടിക്കുന്ന രീതിയാണ് നിലവിലുള്ളത്. 58 ഇനങ്ങളെയും സംരക്ഷിക്കുന്ന തരത്തിലുള്ള നടപടിയാണ് വേണ്ടതെന്നാണ് സർക്കാറിന്റെ അഭിപ്രായം. തീരസംരക്ഷണം, ഹാർബർ, ഫിഷ്ലാൻഡിങ് സെന്റർ എന്നിവ സംബന്ധിച്ച സമഗ്ര പദ്ധതി ആറു മാസത്തിനകം രൂപപ്പെടുത്തും. ഫിഷറീസുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ സാങ്കേതികജ്ഞാനം തൊഴിലാളികൾക്ക് പകർന്നു നൽകാനുള്ള ഒരു ഇടപെടലും ഉണ്ടായില്ല. അതിനു ബന്ധപ്പെട്ടവരെയെല്ലാം ഉൾക്കൊള്ളുന്ന സ്ഥിരം ഉപദേശ സമിതി രൂപവത്കരിക്കണമെന്നാണ് സർക്കാർ ഉദ്ദേശ്യം. മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരുംവിധം നിയമപരമായ സംവിധാനമായി ഉപദേശക സമിതിയെ മാറ്റണം. അംഗങ്ങൾ ആരൊക്കെയാകണമെന്നതു സംബന്ധിച്ച് ചർച്ച ചെയ്തു തീരുമാനമെടുക്കുമെന്നും മന്ത്രി പറഞ്ഞു.

മന്ത്രിയായശേഷം സി.എം.എഫ്.ആർ.ഐയിൽ ആദ്യമായെത്തിയ മേഴ്സിക്കുട്ടിയമ്മയെ ഡയറക്ടർ ഡോ. ഗോപാലകൃഷ്ണൻ സ്വീകരിച്ചു.